## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5922 — 04/11/2016-ൽ മറുപടിയ്ക്ക്

### എസ്.സി.ഇ.ആർ.ടി.

**ചോദ്യം**

**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**

(എ) എസ്.സി.ഇ.ആർ.ടി.യിലെ ഗവേർണിംഗ് ബോഡി, കരിക്കുലം കമ്മിറ്റി എന്നിവയുടെ സിറ്റിംഗ് അവസാനമായി ചേർന്നതെന്നാണ്;

(ബി) പ്രസ്തുത യോഗതീയതിക്ക് ശേഷം പോളിസി രൂപീകരണവുമായി ബന്ധപ്പെട്ട എന്തെങ്കിലും തീരുമാനം അക്കാഡമിക് ആയതോ അല്ലാത്തതോ ആയ വിഷയങ്ങളിൽ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

പ്രൊഫ. സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പമന്ത്രി)

(എ) എസ്.സി.ഇ.ആർ.ടി.യിലെ ഗവേർണിംഗ് ബോഡി, 2015 ജൂൺ 16-ാം തീയതിയിലും, കരിക്കുലം കമ്മിറ്റി 2016 മേയ് 4-ാം തീയതിയിലുമാണ് അവസാനമായി ചേർന്നത്.

(ബി) എസ്.സി.ഇ.ആർ.ടി.യിലെ ഗവേർണിംഗ് ബോഡി, കരിക്കുലം കമ്മിറ്റികളുടെ ചെയർമാന്റെ അനുമതിയോടെ താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ഇതോടൊപ്പം അക്കാദമിക കാര്യങ്ങളിൽ നിലവിലുള്ള കരിക്കുലം കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടുന്ന സബ് കമ്മിറ്റികൾ കൂടിയും തീരുമാനമെടുത്തിട്ടുണ്ട്.

1. കുട്ടികളുടെ പുസ്തകഭാരം കുറയ്ക്കുന്നതിനായി പാഠപുസ്തകങ്ങൾ മൂന്ന് ഭാഗങ്ങളായി തിരിച്ച് അച്ചടിക്കുന്നതിനായി നൽകാൻ തീരുമാനിച്ചു.
2. 9,10 ക്ലാസ്സുകളിലെ സാമൂഹ്യശാസ്ത്രം, മലയാളം, ശാസ്ത്രം എന്നീ വിഷയങ്ങളിലെ പാഠപുസ്തകങ്ങളും 12-ാം ക്ലാസ്സിലെ മലയാളം രണ്ടാം ഭാഷാ പുസ്തകവും അദ്ധ്യാപകരിൽ നിന്ന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും അതിലെ ആശയ പരവും, ഭാഷാപരവുമായ പിശകുകൾ പരിഹരിച്ച് മെച്ചപ്പെടുത്തുന്നതിനും തീരുമാനിക്കുകയുണ്ടായി.

3. ലോവർ പ്രൈമറി തലത്തിൽ ഐടി @ സ്കൂളിന്റെ സഹായത്താൽ തയ്യാറാക്കിയ പാഠപുസ്തകങ്ങൾ മെച്ചപ്പെടുത്തി അച്ചടിക്കുന്നതിന് തീരുമാനിച്ചു.

4. കുട്ടികളുടെ പരീക്ഷാഭാരം കുറയ്ക്കുന്നതിന് പത്താം തരം സാമൂഹ്യശാസ്ത്രം പരീക്ഷയ്ക്ക് ദേശീയമാതൃകയിൽ ഓപ്ഷൻ നൽകണമെന്ന് തീരുമാനിച്ചു.

5. നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനായി 15 ഫാക്കൽറ്റി അംഗങ്ങളെയും ഒരു അസിസ്റ്റന്റ് ലൈബ്രറേറിയനേയും ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും, അഭിമുഖം നടത്തി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുന്ന തിനും തീരുമാനിച്ചു.

6. എസ്.സി.ഇ.ആർ.ടി ഡയറക്ടറെ അക്കാദമിക കാര്യങ്ങളിൽ സഹായിക്കുന്നതിനായി ഒരു അക്കാദമിക് കൺസൾട്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാൻ തീരുമാനിച്ചു.

Sheela

സെക്ഷൻ ഓഫീസർ